## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 283 — 21-12-2012 - ലെ മറുപടിയ്ക്ക്

# മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>„ പി.സി.ജോർജ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| (എ) | മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടത് ആവശ്യമാണെന്നു കരുതുന്നുവോ ; വ്യക്തമാക്കുമോ ; | (എ) | നമ്മുടെ സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷയ്ക്കായി കാർഷികോൽപാദനവും ഉൽപാദക്ഷമതയും വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മണ്ണറിഞ്ഞുള്ള കൃഷി രീതി അവലംബിക്കുക മാത്രമാണ് ഇതിന് ഏക മാർഗ്ഗം. ക്രമാതീതമായ തോതിൽ ശോഷിച്ചുകൊണ്ടിരിക്കുന്ന മണ്ണ് ജലം, ജൈവ സമ്പത്ത് എന്നീ പ്രകൃതി ഭൂവിഭവങ്ങളെ ശരിയായ രീതിയിൽ സംരക്ഷിയ്ക്കുകയും അവയുടെ പരിപാലനത്തിനായി ശാസ്ത്രീയമായ മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിയ്ക്കുകയും ചെയ്താൽ മാത്രമേ ഓരോ തുണ്ടു ഭൂമിയും നമുക്ക് കൃഷിയോഗ്യമാക്കുവാനും ഉൽപാദനക്ഷമത കൂട്ടുവാനും സാധിക്കുകയുള്ളൂ. ഇതിനായി മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. |
| (ബി) | മണ്ണുസംരക്ഷണ മേഖലയിൽ സർക്കാരിന്റെ ഇടപെടൽ എത്രത്തോളം കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | പ്രകൃതി വിഭവ പരിപാലനത്തിന് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അനിവാര്യതയും പ്രാധാന്യവും മനസ്സിലാക്കി ഈ ദിശയിൽ കൂടുതൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനും വ്യാപിപ്പിക്കുവാനും ഏകീകരിക്കുവാനും വേണ്ടി മണ്ണ് പര്യവേഷണ വിഭാഗത്തിനെയും മണ്ണ് സംരക്ഷണ വിഭാഗത്തിനെയും യോജിപ്പിച്ച് സംസ്ഥാനത്ത് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയമായ വിവര ശേഖരണം നടത്തുകയും മണ്ണിന്റെ ഘടന രാസ ഭൗതിക സ്വഭാവങ്ങൾ, |

കഴിവുകൾ, പരിമിതികൾ എന്നിവ കൃത്യമായി അപഗ്രഥിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിന്റെയും സുസ്ഥിര വികസനത്തിനായുള്ള മണ്ണ് പര്യവേഷണ സംരക്ഷണ പദ്ധതികൾ ശാസ്ത്രീയമായി നടപ്പിലാക്കുക എന്നതാണ് ഈ വകുപ്പിന്റെ പ്രധാന ലക്ഷ്യം. വാട്ടർ ഷെഡ് വികസനം മണ്ണിന്റെ ആരോഗ്യ പരിപാലനം, ഭൂവിഭവ സമാഹരണം എന്നീ പ്രവൃത്തികൾക്ക് ഊന്നൽ നൽകിയാണ് വകുപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നത്.

| | | | |
|---|---|---|---|
| (സി) | മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം പാടശേഖര സമിതികൾക്കും കർഷകർക്കും വ്യക്തിഗതമായി നല്കുന്നത് എത്രത്തോളം ഗുണകരമാകും എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (സി) & (ഡി) | പഠനം നടത്തിയിട്ടില്ല. |
| (ഡി) | ഇപ്രകാരം നേരിട്ടു സാമ്പത്തിക സഹായം നല്കുന്നത് ഫലപ്രദമെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ